1982-86 കാലയളവിൽ ആരംഭിച്ച വൻകിട, ഇടത്തര വ്യവസായങ്ങൾ

* 237 [258] ശ്രീ. ബെന്നിബഹനാൻ :

,, കെ. കെ. ശ്രീനിവാസൻ :

,, സ്റ്റീഫൻ പാദുവ :

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-86 കാലയളവിൽ വ്യവസായ വകുപ്പിന്റെ പ്രവർത്തനം കൊണ്ടുമാത്രം എത്ര വൻകിട ഇടത്തര വ്യവസായങ്ങൾ ആരംഭിച്ചു ; ഇതിൽ ഉൽപ്പാദനം ആരംഭിച്ചവ എത്ര ;

(ബി) ഈ വ്യവസായങ്ങളിൽ എത്ര കോടി രൂപയുടെ മുതൽ മുടക്കുണ്ട് ;

(സി) ഇതുമൂലം എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ?

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ് : (എ) 1982-86 കാലയളവിൽ വൻകിട ഇടത്തരം മേഖലയിൽ 93 വ്യവസായങ്ങൾ ആരംഭിച്ചു. അതിൽ 39 വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദനം ആരംഭിച്ചു.

(ബി) ഈ വ്യവസായങ്ങളിലെല്ലാംകൂടി 265.43 കോടി രൂപയുടെ മുതൽ മുടക്കുണ്ട്. ഉൽപ്പാദനമാരംഭിച്ച് യൂണിറ്റുകളിൽ മാത്രമായി 45.23 കോടി രൂപയുടെ മുതൽമുടക്കുണ്ട്.

(സി) ഈ വ്യവസായ യൂണിറ്റുകളിൽ മൊത്തം 8422 പേർക്ക് തൊഴിൽ സാദ്ധ്യതകളുണ്ട്. ഉൽപ്പാദനമാരംഭിച്ച യൂണിറ്റുകളിൽ മാത്രം 2692 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

ശ്രീ. ബെന്നിബെഹനാൻ : സർ, വിദേശമലയാളികളുടെ സാമ്പത്തിക മുതൽമുടക്കോടുകൂടി പുതിയ വ്യവസായങ്ങളാരംഭിക്കുമെന്ന് ഗവൺമെന്റിന്റെ പ്രഖ്യാപനത്തിലുണ്ടായിരുന്നു. അങ്ങനെ എത്ര വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുണ്ട്. അതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : എൻ. ആർ. ഐ. സാമ്പത്തികനില ഉപയോഗിച്ച് വ്യവസായങ്ങളാരംഭിക്കാൻ ഗവൺമെന്റ് നടപടി എടുത്തുവരികയാണ്. ഇതുവരെ 7 യൂണിറ്റുകളാരംഭിച്ചിട്ടുണ്ട്. അതിൽ 3 യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

ശ്രീ. ബെന്നിബെഹനാൻ : ഈ സാമ്പത്തികവർഷം പുതിയ എത്ര വ്യവസായങ്ങളാണ് കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഈ സാമ്പത്തികവർഷം 17 യൂണിറ്റുകളിൽ ഉൽപ്പാദനം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Shri Stephen Padua : Sir, the Hon'ble Minister has stated that 93 new Industries have been started and production started only in 39 Industries; What are the difficulties in starting production in the other Indnstries ?

LIBRARY ARCHIVES Kerala Legislative Assembly

Shri E. Ahammed : What I submitted before the house was that, after this Government came into being, we have taken up 93 projects. That means, other Projects are under various stages of implementation.

Shri Stephen Padua : Industrial peace is a sine-qua-non for industrial progress. Will the Minister be pleased to state, what are the steps taken by the Government to creat industrial peace for the promotion of industrial advancement ?

Shri E. Ahammed : It has been spelled out in the Industrial Policy Statement issued by the Government in 1983 and the Government is also envisaging steps to have the tripartite conference for which announcement has already been made.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : രണ്ടുവർഷം മുൻപ് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ മഞ്ചേരി, സുൽത്താൻബത്തേരി, പാല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് തുടങ്ങുമെന്ന് പറഞ്ഞിരുന്നു. അതു എവിടെ വരെയായി. എന്തുമാത്രം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് ?

ശ്രീ. ഇ. അഹമ്മദ് : പ്ലാസ്റ്റിക് ഇൻഡസ്ട്രി എല്ലാ സ്ഥലത്തുമില്ല. ഓരോ സ്ഥലത്തും ഓരോന്നാണ്. വേസ്റ്റ് റബ്ബറിന്റെ ഫങ്ഷണൽ എസ്റ്റേറ്റ് മഞ്ചേരിയിലും പ്ലാസ്റ്റിക് ഇൻഡസ്ട്രി വയനാടിലുമാണ്. മഞ്ചേരിയിൽ സ്ഥലം വാങ്ങി. ഏതാണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : സുൽത്താൻ ബത്തേരിയിൽ പ്ലാസ്റ്റിക് ഇൻഡസ്ട്രി തുടങ്ങി. അതിന്റെ പ്രവർത്തനം എവിടെ വരെയായി; എന്താണ് അതിന്റെ ഇപ്പോഴത്തെ സ്ഥിതി ?

ശ്രീ. ഇ. അഹമ്മദ് : ഭൂമി കണ്ടെടുക്കാനും ചില പ്രയാസങ്ങളുണ്ട്. അതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞശേഷമേ അതു നടപ്പിലാക്കാൻ സാധിക്കുകയുള്ളു.

ശ്രീ. കെ. പി. കുമാരൻ : ഒരു താലൂക്കിലൊരു വ്യവസായമെന്ന ഗവൺമെന്റിന്റെ മഹത്തായ സമ്പ്രദായമെന്ന നിലയ്ക്ക് ഹോസ്ദുർഗ് താലൂക്കിലെ ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം എത്രത്തോളമായി. ഈ വർഷം പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, സ്പിന്നിംഗ് മില്ലിനെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇൻഡ്യാഗവൺമെന്റ് ആ നയത്തിനു വ്യതിയാനം വരുത്തിയിരിക്കുകയാണ്. അതുകൊണ്ട് ബ്രോഡ്ഹാൻഡിംഗ് ഇൻഡ്യാഗവൺമെന്റിന്റെ സാമ്പത്തിക സ്ഥാപനങ്ങൾ അംഗീകരിക്കുന്ന ഒരു സ്ഥാപനമായി മാറ്റാനുള്ള നടപടികൾ നടത്തുകൊണ്ടിരിക്കുന്നു.

ശ്രീ. പി. സീതിഹാജി : ഫാക്ടറികളും മെഷിനറികളും തയ്യാറായി. വൈദ്യുതി കിട്ടാത്തതിന്റെ പേരിൽ എത്ര ഫാക്ടറികൾ തുറക്കാൻ കഴിയാതെ വരുന്നുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : അങ്ങനെയൊരു പ്രത്യേക ലിസ്റ്റ് ഇപ്പോൾ ഗവൺമെന്റിന്റെ കയ്യിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ നാലര വർഷം മുൻപ് 56 താലൂക്കിലും ഓരോ കോടി രൂപയുടെ വ്യവസായമുണ്ടാക്കുമെന്ന് പ്രഖ്യാപിച്ചു. ഇന്നു പറഞ്ഞ മറുപടിയിൽ 93 പ്രോജക്ടുകളിലായി 39 വ്യവസായങ്ങളെ പ്രൊഡക്ഷനുള്ളുവെന്നാണ് പറഞ്ഞത്. അതിൽത്തന്നെ 2692 ആളുകൾക്കേ പണിയുള്ളുവെന്നു പറഞ്ഞു. ഇതൊക്കെല്ലം തീരാറായി. അങ്ങനെ നേരത്തെ പറഞ്ഞത് എന്തുകൊണ്ടാണ് നടക്കാത്തത്. വെറും രണ്ടായിരം പേർക്കു മാത്രം തൊഴിൽ കൊടുക്കുന്ന സ്ഥിതിയിൽ എത്തിയതെങ്ങനെയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ ആ കാര്യം വ്യക്തമാക്കാം. ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ആരംഭിച്ച് പ്രൊഡക്ഷൻ തുടങ്ങിയതാണ് 39 എണ്ണത്തിന്റെ കണക്ക് പറഞ്ഞത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ച 93 എണ്ണത്തിൽ 39 എണ്ണം പ്രൊഡക്ഷൻ ആരംഭിച്ചു. എന്നാൽ പഴയ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതും പ്രൊഡക്ഷൻ നടക്കാതിരുന്നതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൊഡക്ഷൻ നടത്തിയതുമായ 24 യൂണിറ്റുകളുണ്ട്. ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം 63 യൂണിറ്റുകളുടെ പ്രൊഡക്ഷനാണുണ്ടായത്. അവയിൽ മാത്രം 5831 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 93 യൂണിറ്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നായനാർ പറഞ്ഞത്, ഒരു കോടിയിൽ കുറയുകയോ അധികരിക്കുകയോ ചെയ്യാം. ഇതിനു മുൻപും ഈ സഭയിൽ ഞാൻ ഇതു പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ജോസ് കുറ്റ്യാനി : ചില താലൂക്കുകളിൽ വ്യവസായസ്ഥാപനം തുടങ്ങുന്നതിനുവേണ്ടി സ്ഥലമെടുത്തിട്ടുണ്ട്. സ്ഥലം എടുത്ത് രണ്ടു വർഷത്തിലേറെയായിട്ടും ആ സ്ഥലങ്ങളിൽ വ്യവസായങ്ങളും തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. അങ്ങനെയുള്ള സ്ഥലത്ത് വ്യവസായമാരംഭിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ ഉടനടി സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ.

ശ്രീ. ഇ. അഹമ്മദ് : സ്ഥലം എടുക്കുന്നതു മുഴുവൻ ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റീസ് തയ്യാറാക്കാൻ വേണ്ടിയാണ്. അങ്ങനെ വ്യവസായം തുടങ്ങുന്നതിന് ടെക്നോ-എക്കണോമിക് ഫെസിലിറ്റീസ് വേണം. അതിന് സംരംഭകർ കൂടി മുന്നോട്ടു വരണം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കും വ്യവസായം തുടങ്ങുന്നത്.

ശ്രീ. ബേബിജോൺ : ആകെ 93 വ്യവസായങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങളായി എന്നുപറഞ്ഞു. അതിൽ വൻകിട വ്യവസായങ്ങളെത്ര ? അത് ഏതൊക്കെയാണ്, എന്തുമാത്രം മുതൽമുടക്ക് ഓരോന്നിലും ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ചോദ്യം തന്നെ വൻകിട ഇടത്തരം വ്യവസായങ്ങളെ സംബന്ധിച്ചാണ്. ഈ വൻകിട ഇടത്തരം വ്യവസായങ്ങളും ഒന്നിച്ചാണുള്ളത്. അതായത് 35 ലക്ഷം രൂപയിലധികമുള്ളതെല്ലാം ഇടത്തരം വ്യവസായങ്ങളാണ്. അത് കോടിക്കണക്കിന് രൂപവരെ പോകും. അങ്ങനെ എല്ലാം കൂടിയാണ് വൻകിട ഇടത്തരം വ്യവസായം. 93 വ്യവസായങ്ങൾക്കാവശ്യമുള്ള പ്രോജക്ട് കോസ്റ്റ് 265.43 കോടിയാണ്. 8422 പേർക്കാണ് ജോലി കൊടുത്തത് എന്ന് ഇതിനു മുൻപുതന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ബേബിജോൺ : ഞാൻ ചോദിച്ചത് ഇതിൽ വൻകിടവ്യവസായങ്ങൾ എത്ര അവ ഏതൊക്കെയെന്നാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഈ വൻകിടയും ഇടത്തരവും ഒന്നാണ്. ഉദാഹരണമായിട്ട് കേരളാ മിനറൽസ് ആൻഡ് മെറ്റൽസുണ്ട്. അതൊരു വൻകിട വ്യവസായമാണ്. കേരളാ ഓട്ടോമൊബൈൽസുണ്ട്. അത് 7 കോടി രൂപയുടേതാണ്. അതു വൻകിട വ്യവസായമാണ്. അതോടൊപ്പംതന്നെ ഗോവതി ബിവറേജസ് ഫെഡിക്കോയും ഉണ്ടാക്കുന്ന ഒരു കമ്പനിയാണ്. അത് രണ്ടര കോടി രൂപയുടേതാണ്. അതുകൊണ്ട് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം മീഡിയം ആൻറ് ലാർജർ കാറ്റഗറിയാണ്. ശ്രീ. ബേബിജോൺ മന്ത്രിയായിരുന്ന കാലത്തുള്ള ഗവൺമെൻറും ഈ ഗവൺമെൻറുമെല്ലാം വൻകിട ഇടത്തരം വ്യവസായങ്ങളെ ഒരേ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഈ ഇൻഡസ്ട്രീസ് ഗ്രോത്ത് സെൻററുകളിൽ വൻകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാനുള്ള പ്രത്യേകമായ വല്ല പദ്ധതിയുമുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : സർ, ഈ ഉദ്ദേശത്തെ ലക്ഷ്യമാക്കിക്കൊണ്ട് കഴിയുന്നത്ര ഇൻഡസ്ട്രിയൽ ഗ്രോത്ത് സെൻററുകൾക്ക് വേണ്ടി ഗവൺമെൻറ് ഭൂമി അക്വയർ ചെയ്തുകൊണ്ടിരിക്കുകയാണ്. നോ ഇൻഡസ്ട്രീസ് ഡിസ്ട്രിക്ടിലും വ്യാവസായികമായി വളരാൻ പിന്നോക്കം നിൽക്കുന്ന ജില്ലകളിലും ഇതിനു നടപടികളും എടുത്തുവരികയാണ്. അതിൻറെ ഫലമായി മലപ്പുറം, വയനാട്, ആലപ്പുഴ, കാസർകോട് തുടങ്ങിയ സ്ഥലങ്ങളിൽ നടപടിയെടുത്തു.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ : ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചുവെന്ന് പറയപ്പെടുന്ന വ്യവസായങ്ങൾ എത്രയെണ്ണം പൂട്ടിയിട്ടുണ്ട്. അതിൻറെ ഫലമായി എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : സർ, അത്ര അധികമില്ല. പുതുതായി ആരംഭിച്ചതിലില്ല. പഴയ വ്യവസായങ്ങളിലാണ് അധികവും ഇങ്ങനെയുള്ളത്. മാത്രമല്ല വൻകിട ഇടത്തരം വ്യവസായങ്ങളിൽ ഈ കുഴപ്പമുണ്ടാകുമ്പോൾ തന്നെ ഗവൺമെൻറും മാറും ഇടപെടും.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ 34 വ്യവസായങ്ങളിൽ ഒരു കോടി രൂപയുടെ മുതൽ മുടക്കോടുകൂടിയുള്ള താലൂക്ക് വ്യവസായങ്ങൾ എത്രയെണ്ണമുണ്ടെന്നു പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഇതിനു മുൻപുള്ള ചോദ്യത്തിനും ഇതേ മറുപടി പറഞ്ഞതാണ്. ഒരു കോടിയെന്ന് ഗവൺമെൻറ് ലക്ഷ്യം വച്ചാൽ ഒരു കോടിയിൽ ചിലപ്പോൾ 95000 ആയിരിക്കും, 90000 ആയിരിക്കും, ചിലപ്പോൾ 75000 ആയിരിക്കും, ചിലപ്പോൾ 5 കോടിയോ 6 കോടിയോ ആയിരിക്കും. അത് ഇതിനുമുൻപും പറഞ്ഞിട്ടുണ്ട്. ഒരു കോടിയെന്ന് ലക്ഷ്യംവച്ചത് ശരിയാണ്. ആ ഒരു കോടിയിൽ കുറച്ചു കുറഞ്ഞിരിക്കാം. കുറച്ചു കൂടിയിരിക്കാം. അതുകൊണ്ട് കഴിയുന്നത്ര വ്യവസായ സ്ഥാപനങ്ങൾ എവിടെയെല്ലാം ആരംഭിക്കാൻ കഴിയുമോ അവിടെയെല്ലാം ആരംഭിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ് : ഒരു താലൂക്കിൽ ഒരു വ്യവസായമെന്ന പദ്ധതിയുണ്ട്. അതിൽ എത്രയെണ്ണം ഇതിലുണ്ടെന്ന് പറയാമോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇതിൽ പലരും താലൂക്കിലെ വ്യവസായങ്ങളാണ്. അതുകൊണ്ട് താലൂക്കിനെ സംബന്ധിച്ചുള്ള ചോദ്യമാണെങ്കിൽ എനിക്ക് മറുപടി പറയാൻ സാദ്ധ്യമല്ല. എഴുതിത്തന്ന ചോദ്യത്തിനും അല്ലാതെയും ആയിട്ടും ഈ സഭയിൽ ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : വ്യാവസായികമായി പിന്നോക്ക ജില്ലയായ തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് പ്രദേശത്ത് ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നു. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കഴിഞ്ഞതവണ വ്യക്തമാക്കിയിട്ടുണ്ട്. അതിപ്പോൾ ഏതു ഘട്ടത്തിൽ ഇരിക്കുന്നു.

ശ്രീ. ഇ. അഹമ്മദ് : ഞാൻ സ്പിന്നിംഗ് മില്ലിനെ സംബന്ധിച്ച് നേരത്തെ പറഞ്ഞു. നെടുമങ്ങാടിൽ അത് ആരംഭിക്കാനുള്ള നടപടികൾ എടുത്തപ്പോൾ ഇൻഡ്യാഗവൺമെൻറ് ആരംഭിച്ചതിനെ സംബന്ധിച്ച് തീരുമാനമില്ലാത്തതുകൊണ്ട് ആ നയത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം തരുന്നതുവരെ തുടങ്ങാൻ പാടില്ല എന്നു പറഞ്ഞതുകൊണ്ട് മാത്രമാണ് തൽക്കാലം നിറുത്തിവച്ചത്.

കൈത്തറി തുണിയെന്ന പേരിൽ വിറ്റഴിക്കുന്ന മിൽത്തുണി

* 238. [259] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എം. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രത്തറിയിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന് കൈത്തറി എന്ന ലേബലൊട്ടിച്ച് സംസ്ഥാനത്ത് വിറ്റഴിക്കുന്നവിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ നടപടിയെടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : തമിഴ് നാട്ടിൽ നിന്നും യന്ത്രത്തറികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണിത്തരങ്ങൾ ശേഖരിച്ച് കൈത്തറി തുണിത്തരങ്ങളായി മുദ്രകുത്തി അന്യ രാജ്യങ്ങളിലേക്ക് കയറ്റി അയക്കാൻ ബോംബയിൽ വ്യവസായം നടത്തുന്ന ഒരു പ്രമുഖ മലയാളിക്ക് അവസരം നൽകിയതായി കൈത്തറി വികസന കോർപ്പറേഷനെക്കുറിച്ച് വല്ല ആക്ഷേപവും ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly